# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:30.08.2024**

## പ്രധാനവാർത്തകൾ

1. അഭൂതപൂർവ്വമായ വികസനത്തിനാണ് ഇന്ത്യൻ തീരമേഖല കഴിഞ്ഞ ദശാബ്ദത്തിൽ സാക്ഷ്യം വഹിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മഹാരാഷ്ട്രയിലെ വധാവൻ തുറമുഖത്തിൻറെ ശിലാസ്ഥാപനം പ്രധാനമന്ത്രി നിർവഹിച്ചു.

2. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖ വികസനമുൾപ്പെടെ സംസ്ഥാനത്തെ അഞ്ച് സുപ്രധാന പദ്ധതികൾക്കും ചടങ്ങിൽ തുടക്കമായി.

3. ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 2029 - ഓടെ 50,000 കോടിയിൽ എത്തിക്കുകയാണ് കേന്ദ്രസർക്കാരിൻറെ ലക്ഷ്യമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്.

4. റഷ്യയിൽ തൊഴിൽതട്ടിപ്പിനിരയായ മലയാളികളെ തിരികെയെത്തിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര സർക്കാരിന് കത്തയച്ചു.

5. പാരീസ് പാരാലിമ്പിക്സ്, വനിതകളുടെ 10 മീറ്റർ എയർ റൈഫിളിൽ ഇന്ത്യയുടെ അവനി ലേഖരയ്ക്ക് സ്വർണം.

*****************************************

PNUTVPM

## പ്രധാനമന്ത്രി പാൽഘർ

അഭൂതപൂർവ്വമായ വികസനത്തിനാണ് ഇന്ത്യൻ തീരമേഖല കഴിഞ്ഞ ദശാബ്ദത്തിൽ സാക്ഷ്യം വഹിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മഹാരാഷ്ട്രയിലെ പാൽഘറിൽ 76,000 കോടി രൂപ ചെലവിൽ നിർമിക്കുന്ന വധാവൻ തുറമുഖത്തിൻറെ ശിലാസ്ഥാപനം നിർവഹിക്കുക യായിരുന്നു പ്രധാനമന്ത്രി. തുറമുഖ നവീകരണം, ജലപാതാ വികസനം എന്നിവയ്ക്കായി കോടിക്കണക്കിന് രൂപ സർക്കാർ ഇക്കാലയളവിൽ നിക്ഷേപിച്ചതായും അദ്ദേഹം ചടങ്ങിൽ പറഞ്ഞു.

(പിഎം - വോയ്സ്)

രാജ്യത്തിൻറെ സാമ്പത്തിക രംഗത്തിനും, വ്യാപാരമേഖലയ്ക്കും കൂടുതൽ കരുത്ത് പകരുന്ന വധാവൻ തുറമുഖം വളരെ വലിയ കാർഗോ, കണ്ടയിനർ കപ്പലുകൾ അടുപ്പിക്കാൻ സാധിക്കുന്ന തരത്തിലാണ് നിർമിക്കുന്നത്. 360 കോടി രൂപയുടെ ദേശീയ വെസൽ കമ്യൂണിക്കേഷൻ സംവിധാനത്തിനും പ്രധാനമന്ത്രി ചടങ്ങിൽ തുടക്കം കുറിച്ചു. കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുമായി ആശയവിനിമയം സാധ്യമാക്കുന്ന ഒരു ലക്ഷം ട്രാൻസ്പോണ്ടറുകൾ ഇതിലൂടെ മത്സ്യബന്ധന യാനങ്ങളിൽ സ്ഥാപിക്കും.

RNUTVPM

**********************************************

## ആലപ്പുഴ ..... (ഇൻട്രോ )

1,560 കോടി രൂപയുടെ 218 ഫിഷറീസ് പദ്ധതികൾക്കും പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിച്ചു. ആലപ്പുഴയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ മൂന്നാം ഘട്ട നിർമ്മാണോദ്ഘാടനം ഉൾപ്പെടെ സംസ്ഥാനത്തെ അഞ്ച് പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 161 കോടി രൂപ മുതൽ

മുടക്കിലാണ് അർത്തുങ്കൽ തുറമുഖ വികസനം സാധ്യമാക്കുന്നത്. **ആലപ്പുഴയിൽ നിന്നും കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ആർ. രവികുമാർ...**

(വോയ്സ്)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, പുതിയാപ്പ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം, പൊന്നാനി ഹാർബർ നവീകരണം, കാസർഗോഡ് മത്സ്യബന്ധന തുറമുഖ വിപുലീകരണം എന്നിവയാണ് പ്രധാനമന്ത്രി ഇന്ന് സംസ്ഥാനത്ത് തുടക്കം കുറിച്ച മറ്റ് പദ്ധതികൾ. കേന്ദ്രമന്ത്രിമാരായ രാജീവ് രഞ്ജൻ സിങ്ങ്, സർബാനന്ദ സോനോവാൾ, ജോർജ് കുര്യൻ തുടങ്ങിയ പ്രമുഖർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ഒരു ലക്ഷത്തി 47,000 ൽ അധികം തൊഴിലവസരങ്ങൾ പദ്ധതികളിലൂടെ സൃഷ്ടിക്കപ്പെടുമെന്നാണ് കണക്കാക്കുന്നത്.

*********************************************

## രാജ്നാഥ് സിംഗ്

ജനാധിപത്യത്തിൽ മാധ്യമങ്ങൾ നിർണായക പങ്ക് വഹിക്കുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്. തിരുവനന്തപുരത്ത് സ്വകാര്യ മാധ്യമ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ ജീവിതത്തിൽ ചെറുതും വലുതുമായ മാറ്റങ്ങൾ കൊണ്ടുവരാനാണ് നരേന്ദ്ര മോദി സർക്കാർ അധികാരത്തിൽ വന്നത് മുതൽ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വളർച്ച രാജ്യത്തിന്റെ പ്രതിരോധ കയറ്റുമതിയിൽ പ്രകടമാണെന്നും ശ്രീ രാജ്നാഥ് സിങ്ങ് വ്യക്തമാക്കി. ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 2029 - ഓടെ 50,000 കോടിയിൽ എത്തിക്കുയാണ് കേന്ദ്രസർക്കാരിൻറെ ലക്ഷ്യം. വയനാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിൽ മരിച്ചവർക്ക് ചടങ്ങിൽ

RNU TVPM

ആദരാഞ്ജലികൾ അർപ്പിച്ച കേന്ദ്രമന്ത്രി വിവിധ സേനാ വിഭാഗങ്ങളുടെ രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങളെയും അഭിനന്ദിച്ചു. രാജ്ഭവനിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാനുമായും അദ്ദേഹമിന്ന് കൂടിക്കാഴ്ച നടത്തി. രണ്ട് ദിവസത്തെ സന്ദർശനം പൂർത്തിയാക്കിയ കേന്ദ്രമന്ത്രി ഉച്ചയോടെ ഡൽഹിയിലേക്ക് മടങ്ങി.

****************************************

## തൊഴിൽ തട്ടിപ്പ്

റഷ്യയിൽ തൊഴിൽതട്ടിപ്പിനിരയായ മലയാളികളെ തിരികെയെത്തിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര വിദേശകാര്യമന്ത്രി എസ്. ജയശങ്കറിന് കത്തയച്ചു. റഷ്യ-യുക്രെയ്ൻ അതിർത്തിയിലെ ഡ്രോൺ ആക്രമണത്തിൽ കൊല്ലപ്പെട്ട സന്ദീപ് ചന്ദ്രൻറെ ഭൗതികശരീരം നാട്ടിലെത്തിക്കണമെന്നും കത്തിൽ മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ലുഹാൻസ്കിലെ സൈനിക ക്യാമ്പിൽ കുടുങ്ങി കിടക്കുന്ന മലയാളികളെ രക്ഷിക്കുന്നതിനും അടിയന്തിര ഇടപെടലുകൾ വേണമെന്ന് കത്തിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

BINU TVPM

****************************************

## കൊച്ചി-ബംഗളൂരു - ഇടനാഴി

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ പാലക്കാട് നോഡിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയത് കേരളത്തിൻറെ വികസനക്കുതിപ്പിന് സഹായമാകുമെന്ന് മന്ത്രി പി.രാജീവ്. 10,000 കോടി രൂപയുടെ നിക്ഷേപം കേരളത്തിലേക്ക് കൊണ്ടുവരാൻ പദ്ധതിയിലൂടെ സാധിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേക്ക് നീട്ടണമെന്ന ആവശ്യം അഞ്ചു വർഷം മുൻപാണ് കേന്ദ്രത്തോട് ഉന്നയിച്ചത്. പദ്ധതിയുടെ

മാസ്റ്റർപ്ലാനിന്നും ഡി പി ആറിനും അംഗീകാരം ലഭിച്ചതായും രണ്ടു മാസത്തിനുള്ളിൽ ടെൻഡർ വിളിയ്ക്കാവുന്ന തരത്തിൽ സംസ്ഥാനസർക്കാർ എല്ലാം സജ്ജമാക്കിക്കഴിഞ്ഞതായും മന്ത്രി അറിയിച്ചു. കേരളത്തിൻറെ പരിസ്ഥിതിക്ക് അനുയോജ്യമായ പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്ക് മുൻഗണന നൽകുമെന്നും അദ്ദേഹം പറഞ്ഞു.

**********************************************

## മന്ത്രി എം.ബി രാജേഷ്

വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെ വിവാഹ രജിസ്ട്രേഷൻ കഴിയുംവിധം സംസ്ഥാനത്ത് നിയമ ഭേദഗതി വരുത്തുമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം ബി രാജേഷ് . ഇടുക്കി ജില്ലാ തദ്ദേശ അദാലത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. നിലവിൽ വിദേശത്തുള്ളവർക്ക് ഓൺലൈൻ സംവിധാനം വഴി വിവാഹ രജിസ്ട്രേഷൻ നടത്താൻ സംസ്ഥാനത്ത് അനുവാദമുണ്ട്. അത്തരം സൗകര്യം സ്വദേശികൾക്ക് കൂടി പ്രയോജനപ്പെടുത്തുന്ന വിധം നിയമ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമെന്നും, ആവശ്യപ്പെടുന്ന ആർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താമെന്നും മന്ത്രി എം ബി രാജേഷ് അറിയിച്ചു.

PNU TVPM

**********************************************

## കൃഷ്ണപ്രിയ നിയമനം

ഷിരൂരിൽ അപകടത്തിൽ കാണാതായ അർജുന്റെ ഭാര്യ കൃഷ്ണപ്രിയയ്ക്ക് വേങ്ങേരി സർവീസ് സഹകരണ ബാങ്കിൽ നിയമനം നൽകി. ഇതു സംബന്ധിച്ച ഉത്തരവ് സഹകരണ വകുപ്പ് പുറത്തിറക്കിയതായി മന്ത്രി വി.എൻ വാസവൻ അറിയിച്ചു.

**********************************************

## ആർ.എസ്.എസ് മേധാവി

ആർ.എസ്.എസ് അഖില ഭാരതീയ സമന്വയ ബൈഠക്കിന് നാളെ പാലക്കാട് അഹല്യ കാമ്പസിൽ തുടക്കമാകും. മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ബൈഠക്കിൽ ആർ.എസ്.എസ് മേധാവി മോഹൻ ഭഗവത് അടക്കമുള്ള സംഘടനാ നേതാക്കൾ പങ്കെടുക്കും. ആർ.എസ്.എസിൻറെ നൂറാം വാർഷികവുമായി ബന്ധപ്പെട്ട പഞ്ച പരിവർത്തൻ പരിപാടികൾ ബൈഠക് ചർച്ച ചെയ്യും. ആർ.എസ്.എസുമായി ചേർന്ന് പ്രവർത്തിക്കുന്ന 32 സംഘടനകളുടെ ദേശീയ നേതാക്കളും ബൈഠക്കിൽ പങ്കെടുക്കുമെന്ന് ആർ.എസ്.എസ് നേതൃത്വം പാലക്കാട് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

***************************************

RNI TVPM

## ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ്

സിറോ മലബാർ സഭയുടെ ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പായി മാർ തോമസ് തറയിലിനെ പ്രഖ്യാപിച്ചു. അതിരൂപതയുടെ അഞ്ചാം ആർച്ച് ബിഷപ്പാണ് അദ്ദേഹം. സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ചടങ്ങിലാണ് പുതിയ മെത്രാപ്പോലീത്തയെ പ്രഖ്യാപിച്ചത്.

***************************************

## വള്ളംകളി- കെ.സി.വേണുഗോപാൽ

ഇത്തവണത്തെ നെഹ്റു ട്രോഫി വള്ളംകളി റദ്ദാക്കാനുള്ള തീരുമാനത്തിൽ നിന്ന് സംസ്ഥാന സർക്കാർ പിൻവാങ്ങണമെന്ന് ആവശ്യപ്പെട്ട് കെ സി വേണുഗോപാൽ എംപി, മുഖ്യമന്ത്രി പിണറായി വിജയന് കത്തു നൽകി. വയനാട് ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിലാണ് നെഹ്റു ട്രോഫി വള്ളംകളി മാറ്റിവെയ്ക്കാൻ സർക്കാർ തീരുമാനിച്ചത്. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് തുഴച്ചിലുകാരും ബോട്ട് ക്ലബ്ബുകാരും പരിശീലനമടക്കം

പൂർത്തിയാക്കിയ സാഹചര്യത്തിൽ, സെപ്റ്റംബർ അവസാന ത്തോടെയെങ്കിലും വള്ളംകളി സംഘടിപ്പിക്കണമെന്ന് അദ്ദേഹം കത്തിൽ ആവശ്യപ്പെട്ടു.

****************************************

## മന്ത്രി ആർ ബിന്ദു

സർവകലാശാലകൾ നിശ്ചയിക്കുന്ന പരീക്ഷ കലണ്ടറിനു പുറമെ വിദ്യാർഥികൾ ആവശ്യപ്പെടുന്ന സമയത്തു കൂടി പരീക്ഷകൾ നടത്തുന്ന "എക്സാംസ് ഓൺ ഡിമാൻഡ് " രീതി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി കേരളത്തിലെ സർവകലാശാലകളിൽ നടപ്പിലാക്കു മെന്ന് മന്ത്രി ആർ ബിന്ദു. നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചേർന്ന മോണിറ്ററിങ് കമ്മിറ്റി യോഗത്തിന് ശേഷം മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

****************************************

## പാരാലിമ്പിക്സ്

പാരീസ് പാരാലിമ്പിക്സ്, വനിതകളുടെ 10 മീറ്റർ എയർ റൈഫിളിൽ ഇന്ത്യയുടെ അവനി ലേഖരയ്ക്ക് സ്വർണം. ഇന്ത്യയുടെ മോണ അഗർവാളാണ് ഇതേ ഇനത്തിൽ വെങ്കലം നേടിയത്. വനിതകളുടെ 100 മീറ്റർ ഓട്ടത്തിൽ ഇന്ത്യയുടെ പ്രീതി പാൽ വെങ്കലം നേടി.

****************************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഇടിയോട് കൂടിയ ശക്തമായ മഴ തുടരുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. 10 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ് ജാഗ്രതയും നൽകിയിട്ടുണ്ട്. നാളെ 10 ജില്ലകളിലാണ് മഞ്ഞ ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ്

RNU TVPM

തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്.

*************************************

## കോഴിക്കോട് മെഡിക്കൽ കോളേജ്

തലയോട്ടിയോ തലച്ചോറോ തുറക്കാതെ പിൻ ഹോൾ വഴി അന്യൂറിസം കോയലിംഗ് ചികിത്സ നടത്തി ചരിത്ര നേട്ടം കൈവരിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ്. തലച്ചോറിലേയ്ക്കുള്ള രക്തക്കുഴലുകളിൽ കുമിളകൾ വന്ന് രക്തസ്രാവമുണ്ടായി ഗുരുതരാവസ്ഥയിലാകുന്ന രോഗികൾക്ക് നൽകുന്ന അന്യൂറിസം കോയലിംഗ് ചികിത്സ 250 രോഗികൾക്ക് വിജയകരമായി പൂർത്തിയാക്കി.

******************************************************************************

******************************************************************************

RNU TVPM